MR. MOHAMMED MUSTAFA : ഏതു റോഡാണു ഉടൻ ജോലി തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്നതു്?

HON'BLE MR. K. R. ELANKATH : കൊല്ലം—ചെങ്കോട്ട റോഡിനെപ്പറ്റി മി. കെ. എ. മഹമ്മദ് ഇതിനു മുൻപു ഇതേ ചോദ്യംതന്നെ ചോദിച്ചിരുന്നു. അപ്പോൾ സിമൻറു ഇല്ലാത്തതുകൊണ്ടു ആ റോഡ് പൊതുവെ സിമൻറു ചെയ്യുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞിരുന്നു. അടുത്ത ജാനുവരി മാസത്തോടുകൂടി ഗവണ്മെൻറിനു സിമൻറു കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ ഈ റോഡുകളിൽ ഏതു റോഡിനാണോ പ്രാധാന്യമുള്ളതു് ആ റോഡു സിമൻറു ചെയ്യുന്നതാണു്.

MR. K. RAMACHANDRAN : കൊല്ലം—ചെങ്കോട്ട റോഡും, കോട്ടയം തിരുവനന്തപുരം റോഡും തമ്മിൽ സന്ധിക്കുന്ന പുലമൺ ജംഗ്ഷൻ എങ്കിലും ടാർ ഇടുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. R. ELANKATH : അതേപ്പറ്റി ആലോചിക്കാം.

MR. G. CHANDRASEKHARA PILLAI : ഈ രണ്ടു റോഡുകളും കാൺക്രീറു ചെയ്യുന്നതിനു എത്ര ചെലവുവരും?

HON'BLE MR. K. R. ELANKATH : അതിനെപ്പറ്റി എസ്റ്റിമേറു ചെയ്തിട്ടില്ല.

MR. K. A. MATHEW : കോട്ടയത്തു് ഒരു സിമൻറു ഫാക്ടറി തുടങ്ങിയിട്ടുണ്ടല്ലൊ. അവിടെ ഉണ്ടാക്കപ്പെടുന്ന സിമൻറു് ആദ്യമായി ഇവിടത്തെ റോഡു സിമൻറു ചെയ്യുവാൻവേണ്ടി ഗവണ്മെൻറിനെ ഏല്പിക്കണമെന്നു വ്യവസ്ഥ ചെയ്യുമോ?

HON'BLE MR. K. R. ELANKATH : ഇപ്പോൾതന്നെ ആ ഫാക്ടറിയുമായി വ്യവസ്ഥചെയ്തുകൊണ്ടിരിക്കുകയാണു്. ഇതിനെപ്പറ്റി ഇനിയും വ്യവസ്ഥ ചെയ്യുന്നതുമാണു്.

സർവകലാശാല അറബിക് ചെയർ.

*42. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർവകലാശാലയിലെ അറബിക് ചെയർ വകുപ്പിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥന്മാരുണ്ടു്?

(ബി) അവരുടെ ഔദ്യോഗിക ചുമതലകൾ എന്തെല്ലാമാണു്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : (എ) ഒന്ന്.

(ബി) യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുള്ള കോഴ്സിൻ പ്രകാരം ഇസ്ലാമിക് ഹിസ്റ്ററിയും കൾച്ചറും പഠിപ്പിക്കുകയെന്നുള്ള താണ് ആലോചനയിലുള്ള ജോലി.

District Court at Parur.

43. MR. PAUL THALIAT: Will the Honourable Minister for Judiciary be pleased to state :

(*a*) the date on which the additional District Court at Parur was abolished;

(*b*) the total number of cases on the file of the District Courts there; and

(*c*) the total number of cases respectively on the file in the other District Courts with additional courts in the State on the date of the abolition of the Parur Additional District Court?

HON'BLE MR. A. J. JOHN : (a) The date on which the additional District Court at Parur was abolished is 1-1-1124.

(b) The total number of cases on the file of the District Court at Parur is 1142.

(c) The total number of cases respectively on the file of the other District Courts:-

Nagercoil	District	Court	1423
Trivandrum	,,	,,	1909
Quilon	,,	,,	1396
Mavelikara	,,	,,	1562
Alleppey	,,	,,	97
Kottayam	,,	,,	1986

MR. PAUL THALIAT : ആയിരത്തിൽ ചിലപ്പോൾ കേസുകൾ ഒരാണ്ടിൽ ഒരു ഡിസ്ട്രിക്ട് ജഡ്ജിയെക്കൊണ്ടു തീരുമാനിക്കാൻ സാധിക്കുമെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ?

HON'BLE MR. A. J. JOHN : ആ ബോദ്ധ്യം ഹൈക്കോടതിക്കുണ്ടായതു കൊണ്ടാണ് അഡീഷനൽ ഡിസ്ട്രിക്ട് കോടതി തൽക്കാലം നിറുത്തി വച്ചതു്.

MR. PAUL THALIAT : എന്നാൽ ഒരു ജഡ്ജിക്കു ഇത്ര അധികം കേസുകൾ തീരുമാനിക്കുവാൻ സാധിക്കയില്ലെന്നും, അതുകൊണ്ടു അവിടെ അഡീഷനൽ കോടതി ഉടനേണ്ടതാണെന്നും കാണിച്ചു വല്ല പരാതികളും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly